പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5786 — 27.10.2011-ൽ മറുപടിയ്ക്ക്

ഉദ്യാനവിളകൾ

| *ചോദ്യം* | *മറുപടി* |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. കെ. ദാസൻ :<br>ശ്രീമതി പി. അയിഷാ പോറ്റി : | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഉദ്യാനവിളകളുടെ കാര്യത്തിൽ സർക്കാർ സംവിധാനങ്ങൾ നിഷ്ക്രിയമായിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; | (എ) ഇല്ല, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം പുഷ്പകൃഷി പ്രോത്സാഹനത്തിന് ധനസഹായം നൽകിവരുന്നു. ഇത് പ്രകാരം കട്ട്ഫ്ളവറുകളുടെ കൃഷി വ്യാപിപ്പി ക്കുന്നതിന് ചെറുകിട നാമമാത്ര കർഷകർക്ക് ഹെക്ടറൊന്നിന് മൊത്തം ചെലവ് വരുന്ന 70,000 രൂപയുടെ 50 ശതമാനം അതായത് 35,000 രൂപ ധനസഹായം നൽകുന്നു. കൂടാതെ ലൂസ് ഫ്ളവറുകളുടെ കൃഷി വ്യാപിപ്പിക്കുന്നതിന് ചെറുകിട നാമമാത്ര കർഷകർക്ക് ഹെക്ടറൊന്നിന് മൊത്തം ചെലവ് വരുന്ന 24,000 രൂപയുടെ 50 ശതമാനം അതായത് 12,000 രൂപ ധനസഹായം നൽകുന്നു. |
| (ബി) ഇതുമൂലം ഗുണനിലവാരമില്ലാത്ത നടീൽ വസ്തുക്കൾ മോഹവി ലയ്ക്ക് കർഷകർക്ക് നൽകി വരുന്ന പ്രവണത വ്യാപകമായിരി ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾക്കൊള്ളിച്ച് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ധനസഹായം നൽകിയിട്ടുള്ള നഴ്സറികളിൽ ഉത്പാദിപ്പിക്കുന്ന നടീൽവസ്തുക്കളുടെ ഗുണനില വാരം അതത് ജില്ലാ |

പ്രിൻസിപ്പൽ കൃഷി ഓഫീസുകളിൽ രൂപീകരി ച്ചിട്ടുള്ള കമ്മറ്റികൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നതാണ്. ഈ നടീൽ വസ്തുക്കളാണ് കർഷകർക്ക് നൽകിവരുന്നത്.

R. R. Beliga

**സെക്ഷൻ ഓഫീസർ**